**കേരളാ സർക്കാർ**

നം. 73754(1)/ആർ.എ.1/10/തസ്വഭവ.

തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പ്,
തിരുവനന്തപുരം, 13-01-2011.

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് കെട്ടിട നമ്പർ നൽകുന്നതിലെ കാലതാമസം - അദാലത്തിൽ കൈക്കൊള്ളേണ്ട നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: 06/01/2011 ലെ 73754/ആർ. എ.1/2010/തസ്വഭവ നമ്പർ സർക്കുലർ.

കെട്ടിട നിർമ്മാണ ചട്ടപ്രകാരം അനുമതി വാങ്ങി നിർമ്മാണം പൂർത്തീകരിച്ച പല കെട്ടിടങ്ങൾക്കും നമ്പർ നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു അദാലത്ത് നടത്തുന്നതിന് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി അദാലത്തുമായി ബന്ധപ്പെട്ട് പല സംശയങ്ങളും നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

അദാലത്തിനായി ലഭിക്കുന്ന എല്ലാ അപേക്ഷകളും സ്വീകരിച്ച് പ്രത്യേക നമ്പർ നൽകി വിശദ വിവരങ്ങൾ ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സൂചനയിലെ സർക്കുലർ പ്രകാരമുള്ള നടപടിക്രമങ്ങൾ എറണാകുളം സീനിയർ ടൗൺ പ്ലാനർ/ജില്ലാ ടൗൺ പ്ലാനർമാരും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും പാലിച്ചിരിക്കേണ്ടതാണ്. അദാലത്തു ദിവസം തന്നെ അപേക്ഷയിൽ തീരുമാനം കൈക്കൊള്ളുകയും പ്രസ്തുത വിവരം ജില്ലാ ടൗൺ പ്ലാനർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ എന്നിവർ ഒപ്പിട്ട് രേഖാമൂലം അപേക്ഷകനെ നേരിട്ട് അറിയിക്കേണ്ടതാണ്. പ്രസ്തുത തീരുമാനത്തിന്റെ ഓരോ കോപ്പി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ (ജില്ലാ ടൗൺ പ്ലാനർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ എന്നിവർ) സൂക്ഷിക്കേണ്ടതുമാണ്. അദാലത്തു ദിവസം ഹാജരാകാത്ത അപേക്ഷകനെ തപാൽ മുഖേനയോ, എസ്എംഎസ്. മുഖേനയോ വിവരം അറിയിക്കേണ്ടതാണ്. ടി ആവശ്യത്തിലേയ്ക്ക് ഒരു പെർഫോമയും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ അദാലത്തിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ ഉൾപ്പെടെയുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്യേണ്ടതുമാണ്. നഗരഗ്രാമാസൂത്രണ വകുപ്പിലെ സീനിയർ ടൗൺ പ്ലാനർമാർ ഓരോ ജില്ലകളിലെയും ക്രമീകരണങ്ങൾ നിരീക്ഷിക്കേണ്ടതും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെയും, ജില്ലാ ടൗൺ പ്ലാനർമാരെയും നേരിട്ട് ബന്ധപ്പെട്ട് അദാല

ത്തിലേയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഓരോ ജില്ലയിലും നടത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ടി ആവശ്യത്തിലേയ്ക്ക് ചീഫ് ടൗൺ പ്ലാനർ പ്രത്യേക നിർദ്ദേശം സീനിയർ ടൗൺ പ്ലാനർമാർക്ക് നൽകേണ്ടതുമാണ്.

എസ്. എം. വിജയാനന്ദ്.
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്/ഇടുക്കി
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടമാർക്കും.
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ (കൊല്ലം, കൊച്ചി, കോഴിക്കോട്)
സെക്രട്ടറി, കോർപ്പറേഷൻ (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം-695581 (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
പബ്ളിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകുന്നതിന്)

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ യ്ക്ക്
സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്)
തദ്ദേശ സ്വയംഭരണ (പി. എസ്) വകുപ്പ്
(Vide U.O. No. 24274/PS2/10/LSGD dated 19-4-2010)
തദ്ദേശ സ്വയംഭരണ (ആർ. എ.2, ആർ. എ.3) വകുപ്പ്
തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

നമ്പർ:

അദാലത്ത് നടത്തുന്ന സ്ഥലം:

ജില്ല :

## അദാലത്തിൽ എടുത്ത തീരുമാനം

| | | |
|---|---|---|
| ജില്ലാ ടൗൺ പ്ലാനർ | ഡെപ്യൂട്ടി ഡയറക്ടർ | സെക്രട്ടറി |
| ........................................ജില്ല | ........................................ജില്ല | ...................................പഞ്ചായത്ത് |

* തീരുമാനത്തിന്റെ ഒരു കോപ്പി അപേക്ഷകന് നൽകേണ്ടതാണ്.